# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

(30-05-2009 മുതൽ 5-06-2009 വരെ)

## 3,23,000/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു; രണ്ടുപേർ അറസ്റ്റിൽ

5-6-2009-ന് വൈകി 4.45 മണിയോടുകൂടി തലശ്ശേരി പോലീസ് മാകുട്ടം പുന്നോൽ ഭാഗത്ത് വാഹന പരിശോധന നടത്തവെ സംശയാസ്പദമായ സാഹചര്യത്തിൽ മോട്ടോർ സൈക്കിളിൽ വന്ന ഹർഷീദ്, ജമാൽ എന്നിവരെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ ഇവരുടെ പക്കൽനിന്നും 3,23,000/- രൂപയുടെ കുഴൽപ്പണം കണ്ടെടുത്തു.

(Cr. 245/09, KNR, Thalassery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. C. Govindan ASI, PCs 4465, 5122, 1942, 2067

## ലോട്ടറിയുടെ മറവിൽ കഞ്ചാവ് വില്പന; രണ്ടുപേർ അറസ്റ്റിൽ

കാഞ്ഞിരപ്പള്ളി പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 3-6-2009 തീയതി വൈകിട്ട് കാഞ്ഞിരപ്പള്ളി എസ്. ബി. ടി. യ്ക്ക് സമീപമുള്ള കൊച്ചുപുരയ്ക്കൽ ഷാജിയുടെ വീട് റെയ്ഡ് ചെയ്ത് 870 ഗ്രാം കഞ്ചാവും 1,38,460 രൂപയും 1025 രൂപയുടെ നാണയങ്ങളും പിടിച്ചെടുത്തു. ഇവരുടെ സഹായി കുന്നത്ത് സഹദേവൻ എന്നയാളെ കസ്റ്റഡിയിലെടുത്തിട്ടുണ്ട.

(Cr. 215/09, KTM, Kanjirapally PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. M. E. Shajahan CI, Shri. Abdul Shukkor ASI, Shri. Suresh Kumar ASI, Shri. P. K. Ravi ASI, HCs 4675, 5384, 4679, 4922, 5574, PCs 6228, 6143, WPC 6033

## പണവുമായി ബാങ്കിൽ നിന്നിറങ്ങുന്നവരുടെ പണം തട്ടിയെടുക്കുന്ന സംഘത്തലവൻ പിടിയിൽ

ബാങ്കിൽനിന്നും പണവുമായി ഇറങ്ങുന്നവരെ പിന്തുടർന്ന് തന്ത്രപൂർവ്വം അവരുടെ വാഹനങ്ങൾ കുത്തിത്തുറന്ന് പണം തട്ടിയെടുക്കുന്ന സംഘത്തിലെ പ്രധാനിയായ അബ്ദുൾ ഖാദർ കുഞ്ഞിനെ 31-5-2009 തീയതി വൈകിട്ട് ചേർത്തല ജംഗ്ഷനിൽ നിന്നും ചേർത്തല പോലീസ് അറസ്റ്റുചെയ്തു.

(Cr. 141/09, ALPY, Cherthala PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Ajayanatha SI, Shri Vipin A. B Jr. SI, Shri Samanda Bhadra, PCs 4557, 4760, 3745

## കുപ്രസിദ്ധ ഗുണ്ടകൾ പിടിയിൽ

കുപ്രസിദ്ധ ഗുണ്ടകളും നഗരത്തിലെ ക്വട്ടേഷൻ സംഘാംഗങ്ങളുമായ മണക്കാട് കടിയപട്ടണം ലെയ്നിൽ കേശവിളാകത്തുവീട്ടിൽ ലുട്ടാപ്പി രാധാകൃഷ്ണൻ കൂട്ടാളി നേമം ശിവൻകോവിലിന് സമീപം താമസം അനീഷ് എന്നിവരെ 4-6-2009 തീയതി വൈകിട്ട് 3 മണിയോടുകൂടി മണക്കാട് ഭാഗത്തുനിന്നും ഫോർട്ട് പോലീസ് അറസ്റ്റുചെയ്തു.

(Cr. 470/09, TVM City, Fort PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Barghavan SI, Sri. Sasi ASI, HC 8180, PC 3999

## 1100 RC ബുക്കുകളും 800 ബ്ലാങ്ക് ചെക്കുകളും പിടിച്ചെടുത്തു

പൊന്നാനി പോലീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 2.6.2009 ന് വൈകിട്ട് 6 മണിയോടുകൂടി പൊന്നാനി പോലീസ് ചമ്രവട്ടത്തുള്ള Famous Auto Consultancy യിൽ റെയ്ഡ് നടത്തി 1100 RC ബുക്കുകളും, 800 ബ്ലാങ്ക് ചെക്കുകളും പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട് റഫീക്, ഹനീഫ എന്നിവരെ അറസ്റ്റ് ചെയ്തു.

(Cr. 245/09, MPM, Ponnani PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Sudarshanan CI, Sri. C.K Bejoy SI, Sri. Mohammed Ali ASI, PCs 3576, 4203

## കോടികൾ വിലമതിക്കുന്ന ഗണപതി വിഗ്രഹവുമായി മൂന്ന് പേർ അറസ്റ്റിൽ

എറണാകുളം റൂറൽ എസ്.പിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 3.6.2009 ന് ഉച്ചയ്ക്ക് 1.45 മണിയോടുകൂടി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപത്തുനിന്നും കോടികൾ വിലമതിക്കുന്ന ഗണപതി വിഗ്രഹവുമായി കോട്ടയം കുടമാളൂർ പത്മനിവാസിൽ ബാലകൃഷ്ണൻ, കോട്ടയം പാലമറ്റം വീട്ടിൽ രതീഷ്, മുളന്തുരത്തി പുത്തൻപുരയിൽ ദുർഗ്ഗപ്രസാദ് എന്നിവരെ അങ്കമാലി പോലീസ് അറസ്റ്റ് ചെയ്തു.

(Cr. 1177/09 ,EKM RL, Ankamali PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Biu Alexander CI, Sri Xavier ASI, Sri. Jayadaran ASI, PC 8273, GHC 7513)